# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 295** | **30.11.2015-ൽ മറുപടിക്ക്**

## ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്ത സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കെ.നാരായണൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോടിയേരി നങ്ങാരത്ത് പീടികയിൽ ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്ത സംഭവത്തിൽ കുറ്റവാളികളായവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (എ) ടി സംഭവുമായി ബന്ധപ്പെട്ട 10 പ്രതികളിൽ 6 പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) സംഭവത്തിൽ എന്തെല്ലാം കുറ്റങ്ങൾക്ക് ആർക്കെല്ലാം എതിരെ കേസെടുക്കുകയുണ്ടായി; | (ബി) ന്യൂമാഹി പോലീസ് സ്റ്റേഷൻ ക്രൈം നം. 538/15 u/s 143, 147, 148, 448, 447, 427, 153 r/w 149 IPC & Added Sec. 457 IPC പ്രകാരം 1) പ്രശോഭ്, S/o. തമ്പി, 2) വൈശാഖ്. കെ., S/o. സജീവൻ, 3) ധിജിൻ ദിനേശ്, S/o. ദിനേശൻ, 4) സനീഷ് എം., S/o. മോഹനൻ, 5) ലിജേഷ്, 6) വിനോദ്, 7) സി.പി. രാധാകൃഷ്ണൻ, S/o.രാഘവൻ, 8) നിജിൻദാസ്, 9) ഷിജിൻ, 10) റിഗിൽ പി.കെ., S/o. ബാബു, എന്നിവർക്കെതിരെയാണ് കേസ്സ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (സി) സംഭവത്തിൽ സ്റ്റേഷൻ ജാമ്യം നൽകപ്പെട്ടവർ എത്ര; റിമാന്റ് ചെയ്യപ്പെട്ടവർ എത്ര; | (സി) ടി സംഭവുമായി ബന്ധപ്പെട്ട കേസിലെ പ്രതികളായ പ്രശോഭ്, വൈശാഖ്, റിഗിൽ പി.കെ. എന്നിവർ ന്യൂമാഹി സ്റ്റേഷനിൽ അന്വേഷണോദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാകുകയും ടിയാന്മാരെ അറസ്റ്റ് രേഖപ്പെടുത്തി സ്റ്റേഷനിൽ നിന്നും ജാമ്യം നൽകിയിട്ടുള്ളതുമാണ്. തുടർന്ന് തലശ്ശേരി പോലീസ് ഇൻസ്പെക്ടർ ടി കേസിൽ u/s 457 IPC എന്ന വകുപ്പുകൂടി കൂട്ടിച്ചേർത്ത് അന്വേഷണം ഏറ്റെടുത്തതിനുശേഷം ധിജിൻ ദിനേശ്, സി.പി. രാധാകൃഷ്ണൻ, സനീഷ് എം. എന്നിവരെ അറസ്റ്റ് ചെയ്യുകയും ബഹു: കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. കൂടാതെ സ്റ്റേഷനിൽ നിന്നും ജാമ്യം നൽകിയവരുടെ ജാമ്യം റദ്ദ് ചെയ്യുന്നതിലേയ്ക്കായി ബഹു: കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) കുറ്റവാളികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത് എന്നാണ്? | (ഡി) കേസ് അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ